**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4418** | **17.05.2017-ൽ മറുപടിയ്ക്ക്** |
|---|---|
| **ശ്രീമതി.മാധവിയമ്മയുടെ പെൻഷൻ** | |
| **ചോദ്യം** | **മറുപടി** |
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |

| | | | |
|---|---|---|---|
| (എ) | ആധാർ ഇല്ലാത്ത കാരണത്താൽ പെൻഷൻ ലഭിക്കുന്നില്ലെന്ന പരാതികൾ സാമൂഹ്യക്ഷേമ വകുപ്പിൽ നിലവിലുണ്ടോ; എങ്കിൽ അവയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ | (എ) യും (ബി) യും | ആധാർ ലഭിക്കാത്ത കാരണത്താൽ പെൻഷൻ ലഭിക്കാത്ത സാഹചര്യം നിലവിലില്ല. ആധാർ ഇല്ലാത്ത പെൻഷൻ ഗുണഭോക്താക്കൾ റേഷൻ കാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ് ഇവയിൽ ഏതെങ്കിലും ഒന്നിന്റെ പകർപ്പും സത്യവാങ്മൂലവും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സമർപ്പിക്കുന്ന പക്ഷം പെൻഷൻ ലഭിക്കുന്നതാണ്. |
| (ബി) | ആധാർ എടുക്കുവാൻ കഴിയാത്തവർക്ക് പെൻഷൻ ലഭിക്കുന്നില്ലെന്ന പരാതി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | | |
| (സി) | ശ്രീമതി മാധവി അമ്മ, കിഴക്കെ മേലുവീട്ടിൽ, ഇരിമ്പിളിയം വില്ലേജ്, തിരൂർ, മലപ്പുറം എന്നയാൾക്ക് കർഷകത്തൊഴിലാളിപെൻഷൻ ലഭിക്കുന്നില്ലെന്ന പരാതി നിലവിലുണ്ടോ; | (സി) യും (ഡി) യും | ശ്രീമതി.മാധവിയമ്മ, കിഴക്കേ മേലുവീട്ടിൽ, ഇരിമ്പിളിയം വില്ലേജ്, തിരൂർ, മലപ്പുറം (പെൻഷണർ ഐഡി നമ്പർ 109530100044) എന്നയാളുടെ കർഷക തൊഴിലാളി പെൻഷനിൽ, ടിയാൾ സമർപ്പിക്കേണ്ടതായ സത്യവാങ്മൂലം യഥാസമയം സമർപ്പിച്ചിട്ടില്ലാത്തതിനാൽ 2017 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ തുക തടഞ്ഞ് വച്ചിട്ടുള്ളതാണ്. ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ നിന്നും ടിയാളുടെ സത്യവാങ്മൂലം ലഭിച്ചിട്ടുള്ളതിനാൽ പെൻഷൻ ഇനിമുതൽ ലഭിക്കുന്നതാണ്. കുടിശ്ശിക അനുവദിച്ച് വിതരണം ചെയ്യുന്ന അവസരത്തിൽ ടി തുക നൽകുന്നതാണ്. |
| (ഡി) | ശ്രീമതി മാധവി അമ്മയുടെ കുടിശ്ശിക പെൻഷൻ ലഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ